**GOVT.HSS**
**KADANCHERY**



# പട്ടം

LITLE KITES DIGITAL MAGAZINE 2018 - 19


ഗവ:ഹയർ സെക്കന്ററി സ്കൂൾ
കാടഞ്ചേരി
തിരൂർ വിദ്യാഭ്യാസ ജില്ല
CHILD LINE
HELP No 1098

**സന്ദേശം**

കാടഞ്ചേരി ഗവ . ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഐ.ടി. രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളെ വിവരസാങ്കേതിക വിദ്യയിൽ മികവുറ്റവരാക്കാൻ വേണ്ടി നടത്തുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഈ പ്രവർത്തനത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

എന്ന്

കെ.നന്ദിനി

പ്രധാനാദ്ധ്യാപിക

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : കെ.നന്ദിനി ( പ്രധാനാദ്ധ്യാപിക )
സ്റ്റുഡന്റ് എഡിറ്റർ : അനാമിക മോഹൻ . ഇ.വി
അംഗങ്ങൾ : പി.വി.പ്രകാശ് ( എസ്.ഐ.ടി.സി. & കൈറ്റ് മാസ്റ്റർ )
പി.നളിനി ( ജോയിന്റ് എസ്.ഐ.ടി.സി. & കൈറ്റ് മിസ്ട്രസ്)
നിത്യ . എ.
ശ്രീകല. ടി.പി.
അമൃത വർഷിണി. കെ.കെ.

**എഡിറ്റോറിയൽ**

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാർത്ഥികളുടെ ഐ.ടി. കൂട്ടായ്മയായാണ് ലിറ്റിൽ കൈറ്റ്സ്. വിവര സാങ്കേതിക വിദ്യ രംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പ്പര്യത്തെ പരിപോഷിപ്പിക്കുക , സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം , സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെകുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുക എന്നീ മുഖ്യ ലക്ഷ്യങ്ങൾ മുന്നോട്ട് വച്ച് ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതി ഇതിനകം തന്നെ വിദ്യാർത്ഥികൾ നെഞ്ചിലേറ്റി കഴിഞ്ഞിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ വിവരസാങ്കേതിക വിദ്യയുടെ നൂതന വശങ്ങളെ അടുത്തറിയുന്നതോടൊപ്പം വായനയുടേയും , സർഗ്ഗാത്മകതയുടേയും ഒരു പുതു വസന്തം കൂടി ബാല മനസ്സുകളിൽ വിരിയിക്കുകയാണ്. അത്തരത്തിനുള്ള ഏതാനും പുതു നാമ്പുകളാണ് **പട്ടത്തിലുള്ളത്** ............ ആ നവമുകുളങ്ങളെ ഹൃദയത്തിലേറ്റിയാലും ........

# മാതൃഭാഷയാം  മധുരഭാഷ

മലയാളഭാഷയെൻ മാതൃഭാഷ
അഴകേലും ചേലുള്ള മധുരഭാഷ
മലയാള മണ്ണിൽ പടുത്ത ഭാഷ
നമ്മുടെ നറുമൊഴി മാതൃഭാഷ
എഴുത്തച്ഛൻ പകർന്നൊരു നന്മഭാഷ
അമ്മ എന്നിൽ ള്ളുകിയ മധുരഭാഷ
അമ്മയെന്നാദ്യമായി ചൊന്ന ഭാഷ.

-ചന്ദന .എ.പി -8 B

# പോകാതിരുന്നെങ്കിൽ!

എഴുതും പരീക്ഷകൾ
തീരും നിമിഷങ്ങൾ
ഈ വിദ്യാലയത്തിൽ
പുറത്തേക്കുള്ള കതകുകൾ
ലോകം കാണുവാൻ ആശയെന്നാകിലും
ഈ കൊച്ചുലോകത്തിൽ കൈപ്പിടിയിൽ നിന്ന്
ഈ സൗഹൃദത്തിന്റ ചങ്ങലയിൽ നിന്ന്
ഈ നിഷ്കളങ്കമാം ഓർമ്മകളിൽ
ഓടിയകലുവാൻ സാധ്യമല്ല.
ഒരേ നിറമുള്ള വസ്ത്രങ്ങൾക്കുള്ളിലായ്
ഒരേ ചരടിൽ കോർത്ത മനസ്സുകൾ നാം
ഇഴ പിരിയാതിരുന്നാലെങ്കിലെന്നാശിപ്പൂ
ഇവരെ പിരിയാതിരുന്നാലെങ്കിലെന്നാശിപ്പൂ
കാലിന്റെ ചലനം മുന്നിലേക്കെങ്കിലും
കണ്ണിന്റെ ചലനം പിന്നിലേക്കാകുന്നു
ഓടിക്കളിക്കുന്ന കുട്ടികളിൽ ഞാനെൻ
ബാല്യത്തിൻ ഓർമ്മകൾ കണ്ടു നിൽപ്പൂ.
ഈ ഒരുമയുടെ ചിറകിന്റെ ചുവട്ടിൽ നിന്നും
ഈ സൗഹൃദത്തിന്റെ ഓർമ്മകളുടെ മധുരം മറന്ന്
ഈ കിളിക്കൂട്ടിൽ നിന്നീ പാവം ഇളംകിളി
ദൂരേക്കൊന്നും പോകാതിരുന്നെങ്കിൽ!

അലിൻ ടോം -10 A

# *വാർദ്ധക്യം*

***അരുത് മനുഷ്യാ, നീ നിന്ദിക്കരുത്***
വാർധക്യമേറും നിൻ പിതൃക്കളേ....
കുട്ടിയാം കാലത്തു നീ നടന്നു.
നിൻ പിതാവിൻ കരങ്ങളാൽ
വിതുമ്പി നീ പണ്ടൊരിക്കൽ
മധുരമാം മാതാവിൻ മുലപാലിനായി
കൗമാരത്തിൻ നിറയൊഴിക്കിൽ
നീ വെറുത്തു നിൻ പിതൃക്കളെ.
അവർ തൻ വാക്കിനാൽ മൊഴിയും
നേർവഴി പാതയെ ശ്രദ്ധിച്ചില്ല നീ.
യൗവ്വനത്തിൽ സൂര്യപ്രകാശത്തിൽ
നീ ഒഴുകി പിതൃക്കൾ കാണിച്ച
സന്തോഷ നനവൂറും പാതയാൽ
ഇന്നു നിൻ കുടുംബജീവീതത്തിൽ
മാറ്റി നിർത്തുന്ന നിൻ മാതാവിനെ
അനുസരിക്കാൻ മടിക്കാണിക്കുന്നു.
നീ നന്മവഴി പറഞ്ഞുതന്ന പിതാവിനെ
മാളികക്കുള്ളിലെ മിണ്ടാത്ത വെറും
ചലിക്കുന്ന പാവയായി മാറ്റുന്നു.
അല്ലയോ പുത്രാ... നിൻ മക്കൾ
കാണുന്നു, നിൻ ദുർചെയ്യ്തികൾ
കാലത്തിന്റെ വൻ ഒഴുക്കിൽ
നാളെ നിന്നെയും പിടിക്കൂടും
വാർധക്യം......

അനാമിക മോഹനൻ - 9 B

# സന്തോഷമേകുന്ന മഴ

ആകാശത്തിന്റെ കൺനീരായി ഭൂമിയിൽ വർഷിച്ച് ചെടികളെയും പൂക്കളെയും സന്തോഷിപ്പിച്ചും അവയ്ക്ക് പുതിയ ഉണർവ്വും നൽകി ഏവർക്കും ആഹ്ലാദവും ഉൽസാഹവും ഏകുന്ന മഴയെ നാം ഇഷ്ട്പെടുന്നുണ്ട്. നമ്മുടെ മനസുകീഴടക്കാൻ

മഴയിലെ ഓരോ തുള്ളിക്കും സാധിക്കും.ചിലപ്പോൾ മഴ നമ്മുക്ക്നൽകുന്നത്

പുത്തൻ ഉണർവ് തന്നെയാണ്. ഈ ഭൂമിയെ വർണശഭളമാക്കി തീർക്കാൻ

മഴക്ക് സാധിക്കും എന്നതിൽ സംശയമില്ല. ദുഃഖമെന്നതിനെ കീഴടക്കാൻ കഴിവുള്ളത്

മഴക്കാണ്. അങ്ങനെ ഒരു അവസാനമില്ലാത്ത പ്രതിഭാസമാണ് മഴ.

തീർത്തും വിശിഷ്ടം.

-ശ്രീകല 9 c